➪ *മുതലാളിത്തത്തിന്റെ ഏറ്റവും മോശപ്പെട്ട അംശങ്ങളെയാണ് നാം സ്വീകരിച്ചിരിക്കുന്നത്* ➪

**RIGHT TO DISSENT**
**വിസമ്മതങ്ങളുടെ കൂടിച്ചേരൽ**

**കേരളീയം കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരി 27, 28 തീയതികളിൽ തൃശൂരിൽ സംഘടിപ്പിച്ച 'റൈറ്റ് ടു ഡിസന്റ്: വിസമ്മതങ്ങളുട കൂടിച്ചേരൽ' എന്ന പരിപാടിയിൽ നടത്തിയ പ്രഭാഷണങ്ങൾ**

# ചങ്ങാത്ത മുതലാളിത്തം, അഴിമതി, ഹിതകരമായ മൗനങ്ങൾ

ഇന്ത്യയിൽ നിലനിൽക്കുന്ന ചങ്ങാത്ത മുതലാളിത്തം, മുതലാളിത്തത്തിന്റെ സാമാന്യ നിർവ്വചനങ്ങളിൽ ഉൾപ്പെടുത്താവുന്ന ഒന്നല്ല. മുതലാളിത്തം അനുവദിക്കുന്ന വ്യാപാരമോ, സംരംഭകത്വമോ, സമനിരപ്പായ കളിസ്ഥലമോ ഒന്നും തന്നെ അത് പ്രദാനംചെയ്യുന്നില്ല. അധികാര കേന്ദ്രങ്ങളോട് ഒട്ടിനിൽക്കുന്ന, വിരലിലെണ്ണാവുന്ന, ഏതാനും വ്യവസായ ഗ്രൂപ്പുകൾ ചേർന്ന് നടത്തുന്ന കച്ചവടങ്ങളാണ് മുതലാളിത്തത്തിന്റെ ഏറ്റവും വികൃതമായ രൂപങ്ങളിലൊന്നായി നമ്മുടെ മുന്നിലെത്തുന്നത്.

**പരഞ്ജോയ് ഗുഹ താക്കുർത്ത**

**ചങ്ങാത്ത** മുതലാളിത്തത്തെക്കുറിച്ചും ഇന്ത്യൻ സമൂഹത്തിൽ അതു സൃഷ്ടിക്കുന്ന ആഘാതങ്ങൾ എന്തെല്ലാമാണെന്നുമാണ് ഞാൻ സംസാരിക്കുന്നത്. പ്രത്യേകിച്ച് പ്രകൃതിവിഭവങ്ങൾക്ക് മേൽ വരുന്ന സമ്മർദ്ദങ്ങളെക്കുറിച്ച്. പ്രകൃതിവിഭവങ്ങൾ എങ്ങനെയാണ് വിതരണം ചെയ്യപ്പെടുന്നതെന്നും വിലയിടപ്പെടുന്നതെന്നും നോക്കേണ്ടതുണ്ട്. കുറച്ചുപേർക്ക് മാത്രം ലാഭമുണ്ടാക്കുന്നതരത്തിലാണ് പ്രകൃതിവിഭവങ്ങളുടെ നീക്കിവയ്ക്കൽ ഇവിടെ നടക്കുന്നത്. രാജ്യത്തിലെ ജനങ്ങളുടേതാണ് ഈ വിഭവങ്ങൾ എന്നത് വിസ്മരിക്കപ്പെടുന്നു. എന്നാൽ ഇക്കാര്യങ്ങളിൽ ഗൂഢാലോചനകൾ നിറഞ്ഞ ഒരു മൗനം നിലനിൽക്കുന്നുണ്ട്. ആ സാഹചര്യത്തിലാണ് 'റൈറ്റ് ടു ഡിസെന്റ്' എന്ന ഈ പരിപാടിയുടെ തലക്കെട്ട് പ്രധാനമാകുന്നത്.

ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന ചങ്ങാത്ത മുതലാളിത്തം, മുതലാളിത്തത്തിന്റെ സാമാന്യ നിർവ്വചനങ്ങളിൽ ഉൾപ്പെടുത്താവുന്ന ഒന്നല്ല. മുതലാളിത്തം അനുവദിക്കുന്ന വ്യാപാരമോ, സംരംഭകത്വമോ, സമനിരപ്പായ കളിസ്ഥലമോ ഒന്നും തന്നെ അത് പ്രദാനം ചെയ്യുന്നില്ല. അധികാര കേന്ദ്രങ്ങളോട് ഒട്ടിനിൽക്കുന്ന, വിരലിലെണ്ണാവുന്ന, ഏതാനും വ്യവസായ ഗ്രൂപ്പുകൾ ചേർന്ന് നടത്തുന്ന കച്ചവടങ്ങളാണ് മുതലാളിത്തത്തിന്റെ ഏറ്റവും വികൃതമായ രൂപങ്ങളിലൊന്നായി നമ്മുടെ മുന്നിലെത്തുന്നത്.

ചങ്ങാത്ത മുതലാളിത്തത്തിന്റെ ഈയൊരു കുറുമുന്നണിയിൽ ഇന്ത്യയിലെ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ വൃന്ദങ്ങളും മാദ്ധ്യമങ്ങളും ഒക്കെ പങ്കുചേർന്നിരിക്കുന്നു. നിക്ഷിപ്ത താൽപര്യക്കാരുടെ ഈ കുറുമുന്നണി ഇന്ത്യയിലെ സാധാരണക്കാരുടെ താൽപര്യങ്ങളെയാണ് നിരന്തരമായി ഹനിച്ചുകൊണ്ടിരിക്കുന്നത്. മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും നല്ലവശങ്ങൾ ഉൾച്ചേർത്തുകൊണ്ടുള്ള ഒരു മിശ്രിത സമ്പദ്‌വ്യവസ്ഥയായിരുന്നു നെഹ്റു വിഭാവനം ചെയ്തിരുന്നത്. എന്നാൽ മുതലാളിത്തത്തിന്റെ ഏറ്റവും മോശപ്പെട്ട അംശങ്ങളെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. സോഷ്യലിസത്തിന്റെ നല്ല അംശങ്ങളെ സ്വാംശീകരിക്കാൻ നമുക്ക് കഴിഞ്ഞില്ല. ലോകത്തിലെ ഏറ്റവും അധികം ജനസംഖ്യയുള്ള രാജ്യമായി കുറച്ചുനാളുകൾക്കുള്ളിൽ ഇന്ത്യ മാറും. അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമാകാതെ ഇന്ത്യയിലെ നാലിലൊന്ന് ജനങ്ങൾ നരകതുല്യമായ ജീവിതം ന

റൈറ്റ് ടു ഡിസന്റ്
പ്രഭാഷണങ്ങളുടെ
പരിഭാഷയും എഡിറ്റിംഗും:
**കെ. സഹദേവൻ**

യിക്കുകയാണ്. സബ്സഹാറൻ രാജ്യങ്ങളിലേതിന് തുല്യമാണവരുടെ ജീവിതം. ആരോഗ്യസുരക്ഷാ സംവിധാനങ്ങൾ പൂർണ്ണമായും തകർന്നിരിക്കുന്നു. രാജ്യത്തിലെ കാൽഭാഗം ജനങ്ങൾക്കും അക്ഷരാഭ്യാസം ലഭ്യമാകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഉദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കും മാത്രം ലാഭം പ്രദാനം ചെയ്യുന്നവയായി മാറിയിരിക്കുന്നു. സ്വകാര്യമേഖല പൂർണ്ണമായും പൊതുമേഖലാ ബാങ്കുകളിൽ നിന്നും കടമെടുത്തും സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായങ്ങൾ സ്വീകരിച്ചുമാണ് പ്രവർത്തിക്കുന്നത്. സ്വകാര്യമൂലധന കുത്തകകൾക്ക് ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരു വ്യവസ്ഥയാണ് ഇന്ന് ഇവിടെ നിലനിൽക്കുന്നത്. 'ലൈസൻസ് രാജ്' എന്ന് ആക്ഷേപഹാസ്യപരമായി ഒരിക്കൽ സി. രാജഗോപാലാചാരി ഈ വ്യവസ്ഥയെ വിശേഷിപ്പിച്ചിരുന്നു. ഇന്ന് അത് ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. തൊണ്ണൂറുകൾക്ക് ശേഷം ആരംഭിച്ച ലിബറൽ സാമ്പത്തിക നയങ്ങൾ ജനങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയാണുണ്ടായത്. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥവൃന്ദവും ഏതാനും വ്യവസായികളുമായി ചേർന്ന് രൂപപ്പെടുത്തിയ ചങ്ങാത്ത മുതലാളിത്തം ഇന്ത്യയിലെ ജനങ്ങൾക്ക് അവകാശപ്പെട്ട വിഭവങ്ങൾ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. ഈയൊരു കൊള്ളയ്ക്ക് ഇവിടുത്തെ മാദ്ധ്യമങ്ങൾ കൂട്ടുനിൽക്കുന്നു.

> തൊണ്ണൂറുകൾക്ക് ശേഷം ആരംഭിച്ച ലിബറൽ സാമ്പത്തിക നയങ്ങൾ ജനങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയാണുണ്ടായത്. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥവൃന്ദവും ഏതാനും വ്യവസായികളുമായി ചേർന്ന് രൂപപ്പെടുത്തിയ ചങ്ങാത്ത മുതലാളിത്തം ഇന്ത്യയിലെ ജനങ്ങൾക്ക് അവകാശപ്പെട്ട വിഭവങ്ങൾ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. ഈയൊരു കൊള്ളയ്ക്ക് ഇവിടുത്തെ മാദ്ധ്യമങ്ങൾ കൂട്ടുനിൽക്കുന്നു.

കോൺഗ്രസ് അധികാരത്തിൽ ഇരുന്ന 2014 കാലയളവിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി ഏറ്റവും അധികം പണം ചെലവഴിച്ചത് ബിജെപി ആയിരുന്നു എന്ന വസ്തുത നാം അറിയേണ്ടതുണ്ട്. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന കണക്കാണിത്. ഇന്ത്യയുടെ രാഷ്ട്രീയ ഭാവി എന്തായിരിക്കണമെന്ന് ഏതാനും വ്യവസായ ഗ്രൂപ്പുകൾ തീരുമാനിക്കുന്നതിലേക്കാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത് എന്നാണിത് സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ധനകാര്യ മന്ത്രി ഇന്ന് ഇലക്ട്രറൽ ബോണ്ടുകളെക്കുറിച്ച് സംസാരിക്കുന്നു. ഇത് പാർട്ടികൾക്ക് ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ സുതാര്യമാക്കുന്നതിനാണെന്ന് അദ്ദേഹം പറയുന്നു. യഥാർത്ഥത്തിൽ ഇത് വിപരീത ഫലമാണുണ്ടാക്കുക. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ അവർ വൻ വ്യവസായികൾക്കായി തുറന്നിട്ടുകൊടുത്തിരിക്കുന്നു. ഇന്ത്യൻ ജനതയ്ക്ക് അവകാശപ്പെട്ട പ്രകൃതി വിഭവങ്ങൾ എങ്ങിനെയാണ് ഇവർ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നത് എന്നതിനുള്ള ഏതാനും ഉദാഹരണങ്ങൾ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. 2 ജി സ്പെക്ട്രം, കൽക്കരി, പ്രകൃതിവാതകം, ഇരുമ്പയിര്, ഭൂമി എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും ഇന്ത്യയിലെ ചങ്ങാത്ത മുതലാളിത്തത്തിന്റെ മൂർത്തരൂപങ്ങളാണെന്ന് കാണാം.

2 ജി സ്പെക്ട്രം കേസിൽ നിന്നും തുടങ്ങാം. 2 ജി സ്പെക്ട്രം ഇടപാടിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്ന് നമ്മോട് പറഞ്ഞത് ഇന്ത്യയിലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ആയിരുന്നു. ഈയൊരു കേസിൽ ഞാനും ഒരു പെറ്റീഷണർ ആണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ അഴിമതി കേസുകളിൽ ഒന്നായാണ് ഇത് വിലയിരുത്തപ്പെടുന്നത്. എന്താണ് സ്പെക്ട്രം? യഥാർത്ഥത്തിൽ അത് ഒരു നേർത്ത വായുപടലമാണെന്ന് പറയാം. ഇലക്ട്രോ മാഗ്നെറ്റിക് സ്പെക്ട്രം. ഒരുതരത്തിൽ പറഞ്ഞാൽ ഇന്ത്യയിലെ എല്ലാ പൗരനും അവകാശപ്പെട്ട ഒരു പ്രകൃതി വിഭവം. മിലിട്ടറി മേഖലയിലും ടെലിവിഷൻ ശൃംഖലയ്ക്കും, സാറ്റലൈറ്റ്-മൊബൈൽ കമ്യൂണിക്കേഷൻ രംഗത്തും ഇത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തും. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ ഇന്ത്യയിൽ മൊബൈൽ കമ്യൂണിക്കേഷൻ രംഗത്ത് വിപ്ലവകരമായ പല മാറ്റങ്ങളും സംഭവിച്ചിരിക്കുന്നത് നമുക്കറിയാം. 2014ൽ മൊബൈൽ ഫോണിനേക്കാൾ ടിവി സെറ്റുകളായിരുന്നു ഇന്ത്യയിൽ ഉണ്ടായിരുന്നതെങ്കിൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. ഇന്ത്യയിലിന്ന് 100 കോടിയോളം സിം കാർഡുകൾ ഉണ്ട്. ഇന്ത്യയിലെ നഗരങ്ങളിൽ ജനങ്ങളെക്കാൾ കൂടുതൽ സിം കാർഡുകളാണ് ഉള്ളത്. 70 കോടിയോളം മൊബൈൽ ഹാൻഡ്സെറ്റുകൾ നമ്മുടെ രാ

ജ്യത്തുണ്ട്. ഇവയിൽ 30 കോടിയോളം ഇന്റർനെറ്റ് സൗകര്യങ്ങളുള്ളവയാണ്. ഈയൊരു മൊബൈൽ റവല്യൂഷന് അടിസ്ഥാന സൗകര്യമൊരുക്കിക്കൊടുത്തത് 2 ജി സ്പെക്ട്രം സാങ്കേതികവിദ്യയാണ്.

ലക്ഷക്കണക്കിന് കോടി രൂപയുടെ ഇടപാടുകൾ നടക്കുന്ന ഈയൊരു മേഖലയിൽ സാധാരണഗതിയിൽ ആദ്യം വരുന്നവർക്ക് ആദ്യ പരിഗണന എന്ന നിലപാടായിരുന്നു സർക്കാരിന്. എന്നാൽ പൊടുന്നനെ എല്ലാ നിബന്ധനകളും ഒരുകൂട്ടം ആളുകൾക്കായ് മാറ്റിയെഴുതുകയായിരുന്നു. 1,17,000 കോടി രൂപയുടെ അഴിമതിയാണ് ഇതിലൂടെ നടന്നത്. ഇന്ത്യയുടെ സിഎജി ആയിരുന്ന വിനോദ് റായ് പറഞ്ഞത് ഇതൊരു 'നോഷണൽ ഫിഗർ' ആണെന്നായിരുന്നു. ഗവൺമെന്റിന് ലഭിക്കേണ്ടുന്ന ഇത്രയും വലിയ തുക നഷ്ടമാകുകയായിരുന്നു. ഇന്ത്യ കണ്ടതിൽ വെച്ച് ഏറ്റവും വലിയ അഴിമതികളിലൊന്ന്. അന്നത്തെ ടെലികമ്യൂണിക്കേഷൻ മന്ത്രിയായിരുന്ന എ. രാജ ലോക്സഭയിൽ ഇതേക്കുറിച്ച് പറഞ്ഞത്, 'മുന്നണി രാഷ്ട്രീയത്തിലെ സമ്മർദ്ദ'ങ്ങളിലൊന്നാണ് ഇതെന്നായിരുന്നു. കഴിഞ്ഞ വർഷം ഈ കേസിൽ എ.രാജയും കനിമൊഴിയും അടക്കമുള്ള 17ഓളം പ്രതികളെ സിബിഐ കോടതി വെറുതെ വിടുകയായിരുന്നു. ഇന്ത്യൻ എവിഡൻസ് ആക്ടിനെ ഉപയോഗപ്പെടുത്തി, സങ്കുചിതമായ നിയമ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് സിബിഐ ജഡ്ജ് ഒ.പി. സഹാനി ഈയൊരു വിധിപ്രസ്താവം നടത്തിയിരിക്കുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സിബിഐ കൃത്യമായി അന്വേഷണം നടത്തിയിട്ടില്ല. നിരവധി തെറ്റുകൾ ഈ വിധിയിൽ കടന്നുകൂടിയിട്ടുണ്ടെന്നും സുപ്രീം കോടതി ഈ വിധിയെ തള്ളിക്കളയുമെന്നും ഞാൻ കരുതുന്നു.



സ്പെക്ട്രം എന്ന പൊതുവിഭവമാണ് ഈ രീതിയിൽ വിതരണം ചെയ്യപ്പെട്ടത് എന്നോർക്കണം. ടെലികമ്മ്യൂണിക്കേഷൻ രംഗത്തെ പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ പിന്നോട്ട് പോവുകയും റിലയൻസ് അടക്കമുള്ള സ്വകാര്യകുത്തകകൾ ഈ രംഗത്ത് ശക്തമാവുകയും ചെയ്യുന്നതിന് ഈ അഴിമതി കാരണമായിത്തീർന്നു. ടെലികോം ഓപ്പറേറ്റിംഗ് കമ്പനികൾ മാദ്ധ്യമ സ്ഥാപനങ്ങളുടെ ഉടമകളായിമാറുകയാണ്. റിലയൻസും ബിർള ഗ്രൂപ്പുമെല്ലാം ടെലിവിഷൻ ചാനലുകളും വാങ്ങിക്കൂട്ടിയിട്ടുണ്ട്. ഇവരാണ് നമ്മൾ എന്ത് വായിക്കണമെന്നും എന്ത് കേൾക്കണമെന്നും എന്ത് കാണണമെന്നും ഇപ്പോൾ നിശ്ചയിക്കുന്നത് എന്നു പറയാം.

മറ്റൊരു ഉദാഹരണത്തിലേക്ക് കടക്കാം. കൽക്കരി വിവാദം. കൽക്കരിയും ഇന്ത്യയിലെ വളരെ പ്രധാനപ്പെട്ട ഒരു പൊതുവിഭവമാണ്. ഇന്ത്യൻ കൽക്കരി മേഖലയിലെ ഖനനവുമായി ബന്ധപ്പെട്ട് സർക്കാർ ഉണ്ടാക്കിയ എല്ലാ കരാറുകളും സിഎജിയും സുപ്രീം കോടതിയും ചേർന്ന് തള്ളിക്കളയുകയുണ്ടായി. കഥകൾ ഇവിടെ അവസാനിച്ചുവെന്ന് നിങ്ങൾ കരുതുന്നുണ്ടാകും. എന്നാൽ സംഭവഗതികൾ ഇവിടെ തുടങ്ങാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യയുടെ വൈദ്യുതോൽപാദനത്തിൽ നിർണ്ണായക ഘടകമാണ് കൽക്കരി. കൽക്കരി ഉത്പാദനത്തിൽ വർദ്ധനവുണ്ടാകുമ്പോൾ സ്വാഭാവികമായും വൈദ്യുതി നിരക്കിൽ കുറവ് വരേണ്ടതാണ്. എന്നാൽ ഇന്ത്യയിലെ സാധാരണക്കാരന് ഇതിന്റെ യാതൊരു നേട്ടവും ലഭ്യമാകുന്നില്ല. ഇന്ത്യയുടെ കൽക്കരി മേഖല നിയന്ത്രിക്കുന്നത് കോൾ ഇന്ത്യ ലിമിറ്റഡ് എന്ന




റൈറ്റ് ടു ഡിസന്റ് പരിപാടിയിൽ പരഞ്ജോയ് ഗുഹാ താക്കുർത്ത സംസാരിക്കുന്നു

പൊതുമേഖലാ സ്ഥാപനമാണ്. എന്നാൽ ഇവിടെ ആരാണ് യഥാർത്ഥ ഗുണഭോക്താവ്? കൽക്കരി പാടങ്ങൾ പാട്ടത്തിന് കൊടുത്തതിലൂടെ അഡാനി ഗ്രൂപ്പ് ഏറ്റവും വലിയ ഗുണഭോക്താവായി മാറി. അടുത്ത 25 വർഷത്തേക്കുള്ള കൽക്കരി ഖനനത്തിന്റെ 25%ത്തോളം അനുവദിച്ചിരിക്കുന്നത് അഡാനി ഗ്രൂപ്പിനാണ്. ഈ സത്യം തുറന്നുപറയുന്നത് അഡാനിക്ക് ഇഷ്ടമല്ല. ഒട്ടനവധി കേസുകളാണ് ഈ വിഷയങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പത്രമാദ്ധ്യമങ്ങൾക്കെതിരെ നൽകിയിരിക്കുന്നത്. 'ദ വയർ' മാഗസിനെതിരെയും എനിക്കെതിരെയും മാനഹാനി കേസ് നൽകിയിരിക്കുകയാണ് അഡാനി. എന്നാൽ അവർക്ക് വസ്തുതകളെ നിരാകരിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടാണ് 'മാനഹാനി' സംബന്ധിച്ച കേസുകളുമായി മുന്നോട്ടുനീങ്ങുന്നത്. അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം ഭരണഘടന നൽകുന്നുണ്ട്. ആ അവകാശം എനിക്ക് കൂടിയുള്ളതാണെന്ന് ഞാൻ കരുതുന്നു. ഓരോ അഴിമതിക്ക് ശേഷവും അതിനേക്കാളും വലിയ അഴിമതികൾ ഒന്നിന് പിറകെ ഒന്നൊന്നായി നടന്നുകൊണ്ടിരിക്കുകയാണ്.

പ്രകൃതി വാതകവുമായി ബന്ധപ്പെട്ട അഴിമതിയെക്കുറിച്ച് നമുക്ക് പരിശോധിക്കാം. ബംഗാൾ ഉൾക്കടലിലെ കൃഷ്ണ-ഗോദാവരി ബേസിനിലെ പ്രകൃതി വാതകം കുഴിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് വൻതോതിലുള്ള അഴിമതിയാണ് നടന്നിട്ടുള്ളത്. പ്രകൃതി വാതകം എന്നത് എല്ലാവർക്കും അവകാശപ്പെട്ട പ്രകൃതി വിഭവമാണ്. പ്രകൃതി വിഭവങ്ങൾ ഇന്ത്യയിലെ പൗരന്മാരുടെ പൊതുസ്വത്താണെന്നും സർക്കാർ അതിന്റെ കൈകാര്യകർത്താവ് -ട്രസ്റ്റി- മാത്രമാണെന്നും സുപ്രീംകോടതി വളരെ വ്യക്തമായി തന്നെ നിർവ്വചിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം പൊതുവിഭവങ്ങൾ അനുവദിച്ചുകൊടുക്കുമ്പോഴും അവയുടെ വില നിശ്ചയിക്കുമ്പോഴും ന്യായം, സുതാര്യത എന്നിവ മാനദണ്ഡമാകേണ്ടതുണ്ട്. എന്നാൽ ഇന്ത്യയിലെ ഏറ്റവും വലിയ ധനാഢ്യനായ മുകേഷ് അംബാനിയുടെ നേതൃത്വത്തിലുള്ള റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് കൃഷ്ണ-ഗോദാവരിയിലെ പ്രകൃതിവാതകം അനുവദിച്ചുകൊടുക്കുന്നതിൽ ഇവയൊന്നുമായിരുന്നില്ല മാനദണ്ഡം. പ്രകൃതി വാതക ഇടപാടുമായി ബന്ധപ്പെട്ട് നിരവധി വിവാദങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനമായ ഒഎൻജിസിയും റിലയൻസ് ഇന്ത്യാ ലിമിറ്റഡും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഈ തർക്കങ്ങൾക്കിടയിലെല്ലാം തന്നെ അംബാനിക്ക് അനുകൂലമായ നിലപാടുകളാണ് സർക്കാരുകൾ സ്വീകരിച്ചിരിക്കുന്നത്. വാതക വിലയിൽ വലിയതോതിലുള്ള വർദ്ധനവ് ഇക്കാലത്ത് സംഭവിക്കുകയുണ്ടായി. ഒരു യൂണിറ്റിന് 2.3 ഡോളർ വിലയുണ്ടായിരുന്നത് 4.20 ഡോളറായി ഉയർന്നു. ഞാനും നിങ്ങളുമടങ്ങുന്ന, വരാനിരിക്കുന്ന തലമുറകൾക്ക് കൂടി അവകാശപ്പെട്ട, പൊതുജനങ്ങളുടെ സ്വത്താണ് അംബാനിയെപ്പോലുള്ള വൻകിട ധനാഢ്യർക്ക് വീതിച്ചുകൊടുക്കുന്നത്. അനിൽ അംബാനിക്കും മുകേഷ് അംബാനിക്കും ഇടയിലുണ്ടായ തർക്കം വരെ ഈ പ്രകൃതിവാതകം കൈവശപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടായിരുന്നു. അന്നത്തെ യു.പി.എ മന്ത്രിസഭയിലെ പെട്രോളിയം വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാരായ മുരളി ദേവ്റയും ജയ്പാൽ റെഡ്ഢിയും വീരപ്പമൊയ്‌ലിയുമെല്ലാം റിലയൻസിന് അനുകൂലമായ നിലപാട് ഇക്കാര്യത്തിലെടുത്തത്. സ്പെക്ട്രത്തിന്റെയും കൽക്കരിയുടെയും കാര്യത്തിൽ കണ്ടതുപോലെ ഇവിടെയും രാജ്യത്തെ സാധാരണക്കാർക്ക് അവകാശപ്പെട്ട പ്രകൃതി വാതകം എന്ന പൊതുവിഭവം ഒരു കുത്തക കൊള്ളയടിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

ബെല്ലാരിയിലും ഇതേ കാഴ്ചകാണാൻ സാധിക്കും. ബെല്ലാരിയിലെ ഇരുമ്പ് അയിര് ഖനനവുമായി ബന്ധപ്പെട്ട് രാജ്യത്തെ എല്ലാ നിയമങ്ങളും മാനദണ്ഡങ്ങളും കാറ്റിൽപ്പറ

ത്തിയതായി ലോകായുക്ത ചെയർമാൻ സന്തോഷ് ഹെഗ്ഡേ വെളിപ്പെടുത്തുകയുണ്ടായി. 2008ൽ ഇരുമ്പയിരിന് അന്താരാഷ്ട്ര തലത്തിൽ വൻ ഡിമാന്റ് ഉണ്ടായിരുന്ന അവസരത്തിൽ ഇരുമ്പയിര് ഖനനാവകാശത്തിനായി വലിയ തോതിലുള്ള ക്രമക്കേടുകൾ ഇവിടെ നടത്തുകയുണ്ടായി. മന്ത്രി, വ്യവസായി, രാഷ്ട്രീയക്കാരൻ, ക്രിമിനൽ എന്ന വിശേഷണമുള്ള ജനാർദ്ദന റെഡ്ഡി എന്ന വ്യക്തി ഈ മേഖലയിലെ ഖനനവുമായി ബന്ധപ്പെട്ട അഴിമതിയിൽ പങ്കാളിയായിരുന്നു. കോൺഗ്രസിലും ബിജെപിയിലും ഉള്ള എല്ലാ നേതാക്കന്മാരും ഈ അഴിമതിയിൽ തുല്യപങ്കാളികളായി. ഹിമാലയം മുതൽ ബംഗാൾ ഉൾക്കടൽ വരെയുള്ള, പശുപതി മുതൽ തിരുപ്പതി വരെയുള്ള, യുപി, ബീഹാർ, ആന്ധ്രപ്രദേശ്, ഝാർഖണ്ഡ്, ബംഗാൾ, ഒഡീഷ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലുള്ള വന ഭൂപടം നോക്കുക. സമൃദ്ധമായ ധാതുസമ്പത്ത് നിലനിൽക്കുന്ന ഈ പ്രദേശങ്ങൾക്ക് ഒരു അനുഗ്രഹമായി മാറേണ്ടതിന് പകരം അതൊരു ശാപമായി മാറിയിരിക്കുന്നു. ഇന്ത്യയുടെ വന ഭൂപടത്തിലും ധാതുഭൂപടത്തിലും വളരെ പ്രാധാന്യത്തോടെ നിൽക്കുന്ന ഈ മേഖല ഇന്ത്യയുടെ തീവ്ര ഇടതുപക്ഷ പ്രവർത്തനങ്ങളുടെയും കേന്ദ്രമാണ്. ഏറ്റവും സമ്പന്നമായ ഈ മേഖലയിലെ ജനങ്ങൾ, അവിടുത്തെ ആദിവാസി വിഭാഗങ്ങൾ, ഇന്ന് ഏറ്റവും അധികം ദാരിദ്ര്യം അനുഭവിക്കുകയാണ്. ഇവിടെ പൊതുവിഭവങ്ങൾ അധികാരം ഉപയോഗിച്ച് കൊള്ളയടിക്കുകയും കൂടുതൽ പണം ആർജ്ജിക്കുകയും ചെയ്യുകയാണ് ഇന്ത്യയിലെ വ്യവസായവൃന്ദം. ഇന്ത്യയിൽ ചങ്ങാത്ത മുതലാളിത്തം പ്രത്യക്ഷമാകുന്നത് ഇങ്ങനെയാണ്.

ഇന്ത്യയിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുകൊണ്ടും വലിയ അഴിമതി നടന്നുക്കുന്നുണ്ട്. അതിനായി ഭൂമി ഏറ്റെടുക്കൽ നിയമം പോലും ഭേദഗതി ചെയ്യുകയുണ്ടായി. ഭൂമിയിന്മേലുള്ള അവകാശം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരത്തെ നിർണ്ണയിക്കുന്നതാണ്. എല്ലാ പ്രകൃതി വിഭവങ്ങളും ദുർല്ലഭങ്ങളാണ്. ഭൂമി ഏറ്റവും സുപ്രധാനമായ ദുർല്ലഭ വിഭവങ്ങളിൽ പെടുന്നു. ലോക ജനസംഖ്യയിൽ 17 ശതമാനത്തോളം വരും ഇന്ത്യയുടെ ജനസംഖ്യ. അതേസമയം ഇന്ത്യയുടെ ഭൂമിയുടെ അളവ് കേവലം 2.5 ശതമാനത്തോളം മാത്രമേ വരൂ. അതുകൊണ്ടുതന്നെ പ്രകൃതി വിഭവങ്ങളിൽ ഏറ്റവും സുപ്രധാനമാകുന്നതും ഭൂമി തന്നെയാണ്.

ബെല്ലാരി ഖനന വിഷയവുമായി ബന്ധപ്പെട്ട അന്വേഷണ വേളയിൽ ഗൗരീ ലങ്കേഷിനോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ഗൗരീ ലങ്കേഷ് തന്റെ വസതിയിൽ വെടിയേറ്റ് മരിച്ച വിവരം ഞങ്ങളെ എല്ലാവരെയും ഞെട്ടിപ്പിക്കുകയുണ്ടായി. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരാൾ പോലും ഈ രീതിയിൽ കൊല്ലപ്പെടരുത്. ഗൗരിയെ സംബന്ധിച്ചിടത്തോളം നിരവധി വഴികളുണ്ടായിരുന്നു. അവർക്ക് ഏതെങ്കിലും വലിയൊരു ഇംഗ്ലീഷ് പത്രത്തിൽ ജോലി നോക്കാമായിരുന്നു. നല്ലൊരു ചലച്ചിത്ര പ്രവർത്തകയാകാമായിരുന്നു. അതിനൊന്നിനും ശ്രമിക്കാതെ അവർ രാജ്യത്തെ ജനങ്ങളുടെ താൽപര്യങ്ങളെ സേവിക്കുകയായിരുന്നു.

ബെല്ലാരി ഖനന വിഷയവുമായി ബന്ധപ്പെട്ട അന്വേഷണ വേളയിൽ ഗൗരീ ലങ്കേഷിനോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ഗൗരീ ലങ്കേഷ് തന്റെ വസതിയിൽ വെടിയേറ്റ് മരിച്ച വിവരം ഞങ്ങളെ എല്ലാവരെയും ഞെട്ടിപ്പിക്കുകയുണ്ടായി. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരാൾ പോലും ഈ രീതിയിൽ കൊല്ലപ്പെടരുത്.

ഓർമ്മകൾ എന്നെ പഴയ കാലത്തേക്ക് നയിക്കുകയാണ്. ഇന്ത്യയിലാദ്യമായി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച കാലഘട്ടം. അഭിപ്രായ സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് നിയമം പാസാക്കിയപ്പോൾ ഏതാനും പത്രപ്രവർത്തകർ ഇരുമ്പഴികൾക്കുള്ളിലായി. എന്നാൽ വലിയൊരു വിഭാഗം പത്രപ്രവർത്തകരും സർക്കാരിനോട് ചേർന്ന് നിന്ന് പ്രവർത്തിച്ചു. കുനിയാൻ പറഞ്ഞപ്പോൾ മുട്ടിലിഴയുന്ന സമീപനമായിരുന്നു വലിയൊരു വിഭാഗം ജേർണലിസ്റ്റുകളുടെയും. മുട്ടിലിഴയുന്ന ആ സ്വഭാവം ഇപ്പോഴും മാറിയിട്ടില്ല. അവർ ഇപ്പോഴും ഇഴഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ ചിലരുടെ പേരുകൾ പറയാം. ടൈംസ് നൗ, റിപ്പബ്ലിക്കൻ ടി.വി തുടങ്ങിയവ കൂടുതൽ വിമർശന ബുദ്ധി കാണിക്കുന്നത് പ്രതിപക്ഷത്തോടാണ്. അല്ലാതെ ഭരണപക്ഷത്തോടല്ല. അവർ സർക്കാരിന് രുചിക്കുന്ന ചോദ്യങ്ങൾ മാത്രമേ ചോദിക്കുന്നുള്ളൂ. ഞങ്ങൾ ഇതിനെയാണ് ചോദ്യം ചെയ്യുന്നത്. ഒട്ടുമിക്ക സ്വകാര്യ





മീഡിയാ സ്ഥാപനങ്ങളും ഇന്ന് സർക്കാരിന്റെ പാദസേവകരായി മാറിയിരിക്കുന്നു. അവർ പത്രപ്രവർത്തകരോ അതോ സർക്കാരിന്റെ പ്രചാരക വിഭാഗം തൊഴിലാളികളോ? അവർ സർക്കാർ സ്റ്റെനോഗ്രാഫർമാരോ? ഇന്ത്യയിലെ മീഡിയകൾ ആവർത്തിച്ചാവർത്തിച്ച് കള്ളവാർത്തകൾ നൽകുകയാണ്. തെറ്റായ വിവരങ്ങളല്ല, മറിച്ച് ബോധപൂർവ്വമുള്ള കള്ളവാർത്തകൾ പടച്ചുവിടുകയാണ്. ഹിറ്റ്ലറുടെ പ്രചരണ മന്ത്രിയായ ഗീബൽസിന്റെ അതേ തന്ത്രമാണ് അവർ പയറ്റുന്നത്. പ്രധാനമന്ത്രി തന്നെ തനിക്ക് ഇഷ്ടമുള്ള ചില പത്രപ്രവർത്തകർക്ക് മാത്രമാണ് അഭിമുഖം അനുവദിക്കുന്നത്. അവരാകട്ടെ, അലോസരപ്പെടുത്തുന്ന ചോദ്യങ്ങൾ ചോദിക്കാറുമില്ല. അവർ പത്രപ്രവർത്തകർ തന്നെയാണോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. പല ഓൺലൈൻ മാധ്യമങ്ങളും തെറ്റായ വാർത്തകൾ നൽകി വായനക്കാരെ വഴിതെറ്റിക്കുന്ന പ്രവണതയും ഇവിടെ കൂടിവരുന്നുണ്ട്. മിസ് ഇൻഫർമേഷനേക്കാൾ ഡിസ് ഇൻഫർമേഷൻ ആണ് ഓൺലൈനിൽ നടക്കുന്നത്. അതായത്, തെറ്റായ വാർത്തകളുടെ വിതരണമല്ല, വഴിതെറ്റിക്കുന്ന വാർത്തകളുടെ വിതരണമാണ് നടക്കുന്നത്.

കള്ളപ്പണത്തിന് അറുതി വരുത്തിയെന്ന് മോദി പ്രഖ്യാപിക്കുന്ന അവസരത്തിൽ തന്നെയാണ് ഓരോ ദിവസം ചെല്ലുമ്പോഴും പുതിയ പുതിയ അഴിമതിക്കഥകൾ പുറത്തുവരുന്നത്. ഡീമോണിറ്റൈസേഷൻ കള്ളപ്പണത്തെ ഇല്ലാതാക്കുമെന്ന് മോദി പറഞ്ഞു. നാണയങ്ങളില്ലാത്ത, ഡിജിറ്റൽ ഇടപാടുകൾ മാത്രം നടക്കുന്ന പരിഷ്കൃത സമൂഹമായി നമ്മെ മാറ്റിത്തീർക്കാനാണ് ഡീമോണിറ്റൈസേഷൻ എന്ന് മോദി പറഞ്ഞെങ്കിലും ധനശൂന്യമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് അത് വാസ്തവത്തിൽ ചെയ്തത്. ഇന്ന് നടക്കുന്ന ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതി എന്താണ് സൂചിപ്പിക്കുന്നത്? ഈ അഴിമതികൾ നടത്തുന്നത് ഇവിടുത്തെ കർഷകരോ തൊഴിലാളികളോ ചെറുകിട ഷോപ്പുടമകളോ അല്ല, മറിച്ച് വൻകിട ബിസിനസ് സാമ്രാജ്യങ്ങളാണ്. ഈവക കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ സർക്കാർ കേസുകളുമായി വരികയാണ്. നിങ്ങളെ രാജ്യദ്രോഹിയായി മുദ്ര കുത്തുകയാണ്. നോട്ട് നിരോധനത്തെ ചോദ്യം ചെയ്യുമ്പോൾ നിങ്ങളെ കള്ളപ്പണത്തിന്റെ വക്താക്കളായി ചിത്രീകരിക്കുകയാണ്. കാശ്മീരിനെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ നിങ്ങൾ ഇന്ത്യാ വിരുദ്ധനായി മാറുന്ന അവസ്ഥയാണ്. ഇതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ഏഴിലൊന്ന് വരുന്ന മുസ്ലീങ്ങൾ ഇന്ത്യാവിരുദ്ധരാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്.

ഇന്ത്യയുടെ രാഷ്ട്രീയ മണ്ഡലത്തിൽ അസഹിഷ്ണുത പടർത്തുന്ന ശക്തികൾക്കെതിരെ പോരാടാൻ നാമെല്ലാവരും മുന്നോട്ടുവരേണ്ടതുണ്ട് എന്നാണ് ഈയവസരത്തിൽ എനിക്ക് പറയാനുള്ളത്. ഇവിടെ ഇത്തരമൊരു അവസരം ഒരുക്കിത്തന്ന സംഘാടകരോട് എന്റെ നന്ദി അറിയിക്കുന്നു. ■